## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1585

07.06.2018 ൽ മറുപടിക്ക്

## കശുവണ്ടി മേഖലയിലെ പ്രതിസന്ധി

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | ഉത്തരം<br>ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>(ബി) കശുവണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ; | (എ) & (ബി) പ്രോസസിംഗിന് ആവശ്യമായ അസംസ്കൃത വസ്തുവായ തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി. ആയത് പരിഹരിക്കുന്നതിനായി തോട്ടണ്ടി സംഭരണത്തിന് ആവശ്യമായ പ്രവർത്തന മൂലധനം കശുവണ്ടി വികസന കോർപറേഷനും കാപെക്സിനും അനുവദിച്ചിട്ടുണ്ട്. 2017 മുതൽ കേരളത്തിൽനിന്നുള്ള തോട്ടണ്ടി സംഭരിക്കുന്നതിന് സർക്കാർ തീരുമാനിച്ച നടപ്പാക്കി വരുന്നു. 2017 ൽ കോർപ്പറേഷനും കാപ്പെക്സും 2781.466 MTN തോട്ടണ്ടിയും 2018 ൽ ഇതുവരെ 5585.288 MTN തോട്ടണ്ടിയും ശേഖരിച്ചിട്ടുണ്ട്. ഇതിനു പുറമെ കേരള കാഷ്യൂബോർഡ് മുഖാന്തിരം തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് അതാത് രാജ്യത്ത് ടെന്റർ വിളിച്ച് ഈ വർഷം തന്നെ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കടക്കെണിമൂലം പൂട്ടിക്കിടക്കുന്ന സ്വകാര്യകാഷ്യു ഫാക്ടറികൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വ്യവസായികളുമായും ധനകാര്യ സ്ഥാപനങ്ങളുമായും മീറ്റിംഗ് വിളിച്ചതിനെ തുടർന്ന് 31-05-2018 വരെ വ്യവസായികളുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ഈ മാസം 8-ാം തീയതി ഇക്കാര്യത്തിൽ വീണ്ടും ധനകാര്യസ്ഥാപനങ്ങളുമായും 9-ാം തീയതി വ്യവസായികളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും അവലോകനയോഗം ചേർന്ന് പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) ഇടനിലക്കാർ വൻതോതിൽ തോട്ടണ്ടി സംഭരിച്ച് മറിച്ചുവിൽക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ? | (സി) കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇടനിലക്കാരെ ഒഴിവാക്കി ഗുണമേന്മയുള്ള തോട്ടണ്ടി സംഭരിക്കുന്നതിലേക്കായി കാഷ്യൂ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ഉല്പാദകരായ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നും ടെന്റർ നടപടികളിലൂടെ അതാത് രാജ്യത്തെ പത്രങ്ങളിൽപരസ്യം ചെയ്ത് തോട്ടണ്ടി സംഭരിക്കുന്നത് വഴി ഇടനിലക്കാരെ ഒഴിവാക്കുന്നതിനും മറിച്ചു വില്പനയിലൂടെ വിലകൂടിയ തേട്ടണ്ടി വാങ്ങിക്കേണ്ടി വരുന്ന സ്ഥിതിയും ഒഴിവാക്കാൻ കഴിയുന്നതാണ്. തീർത്തും സുതാര്യമായ നടപടിക്രമങ്ങളിലൂടെ കേരള കാഷ്യൂബോർഡിന് ഇത്തരം തെറ്റായ പ്രവണതകൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ